(ഇ)&(എഫ്) സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ച പ്പോൾ തന്നെ കമ്മിഷന് ആവശ്യമായ സൗകര്യങ്ങൾ നൽകുവാനുള്ള നടപടി കൾ സർക്കാർ സ്വീകരിച്ചു. കമ്മിഷന്റെ സെക്രട്ടറി, ചീഫ് ഇൻവെസ്റ്റിഗേഷൻ ആഫീസർ, രജിസ്ട്രാർ, ഫിനാൻസ് ആഫീസർ, മറ്റ് ആഫീസ് സ്റ്റാഫ്, തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തി. 1998-99 സാമ്പത്തിക വർഷ ത്തിന്റെ അവസാനമാണ് കമ്മിഷൻ രൂപവൽക്കരിച്ചത്. അതിനാൽ ആ വർഷത്തെ ബഡ്ജറ്റിൽ കമ്മിഷൻ പ്രവർത്തനത്തിനാവശ്യമായ തുക വകയി രുത്തിയിരുന്നില്ല. എങ്കിലും അടിയന്തിരമായി കമ്മിഷന് 11 ലക്ഷം രൂപ അനു വദിച്ചു. ഓഫീസ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കമ്മീഷൻ പ്രവർത്തനത്തിനാ വശ്യമായ 6 വാഹനങ്ങൾ വാങ്ങുവാൻ അനുമതി നൽകിക്കഴിഞ്ഞു. കമ്മിഷന് ഈ സാമ്പത്തികവർഷത്തെ ചെലവുകൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുവാ നുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഡ്വാൻസായി 25 ലക്ഷം രൂപ നൽകി ക്കഴിഞ്ഞു. കമ്മിഷൻ ചെയർപേഴ്സന്റേയും മെമ്പർമാരുടെയും പേഴ്സണൽ സ്റ്റാഫ് നിയമനത്തിനും നടപടിയെടുത്തു വരുന്നുണ്ട്.

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

9 (*289) അത്യാഹിതവിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

ശ്രീ. പി.ജെ. ജോയി :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ അത്യാഹിതവിഭാഗം കാര്യക്ഷമ മാക്കുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളിലെ അത്യാഹിത വിഭാഗത്തിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ഇരുപത്തിനാല് മണിക്കൂറും ലഭ്യമാ ക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ആശുപത്രി സൗകര്യം വർദ്ധിപ്പിക്കുന്നതിന് കേന്ദ്രഗവൺമെ ന്റിൽനിന്നും എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) വിദേശ ധനസഹായസ്ഥാപനങ്ങളിൽനിന്നും ഇക്കാര്യത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖ ദാസ്):

(എ) സംസ്ഥാന മെഡിക്കൽ കോളേജുകളിലെ അത്യാഹിത സേവ നങ്ങൾ മെച്ചപ്പെടുത്താൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡയഗ്നോസ്റ്റിക് സർവീസസ്, ട്രോമാ കെയർ, എമർജൻസി മെഡിക്കൽ സർവീസസ് സ്ഥാപി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ എന്നീ സ്കീമുകൾ ഏകോപിപ്പിച്ച് മെഡിക്കൽ കോളേജുകളിൽ അത്യാവശ്യ മെഡിക്കൽ സേവനങ്ങൾ എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. റോഡപകടങ്ങളിലും, പ്രകൃതിക്ഷോഭം, മറ്റ് കൂട്ട അത്യാഹിതങ്ങൾ എന്നിവയിലുംപെട്ട് ചികിത്സ ആവശ്യമായി വരുന്നവർക്ക് അടിയന്തിര ചികിത്സ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ നിലവിലുണ്ട്. ഇതുകൂടാതെ ഈ പദ്ധതി പ്രകാരം വിഷചികിത്സാകേന്ദ്രം, ആന്റിഡോട്ട് മരുന്നുകളുടെ ബാങ്കുകളും മുഴുവൻ സമയവും പ്രവർത്തിക്കുന്ന ലബോറട്ടറി സൗകര്യങ്ങൾ, പാരാമെഡിക്കൽ സ്റ്റാഫിന്റെ മുഴുവൻ സമയസേവനം, ആംബുലൻസിന്റെ സേവനം, മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കൽ, ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫുകൾക്കും വേണ്ടിയുള്ള തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ, ആവശ്യമുള്ള പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യൽ എന്നീ പ്രവർത്തനങ്ങൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ആരോഗ്യ വകുപ്പിൽ നാഷണൽ ഹൈവേയിലുള്ള ആശുപത്രികൾക്ക് 'എമർജൻസി മെഡിക്കൽ സർവ്വീസ്' എന്ന് സ്കീമിൽപെടുത്തി ഒ.പി. വിഭാഗം പരിഷ്കരിച്ചുവരുന്നു. വിവിധതലത്തിലുള്ള ട്രോമാ കെയർ സംവിധാനം എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും ഏർപ്പെടുത്തി വരികയാണ്.

(ബി) അത്യാഹിത വിഭാഗത്തിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭ്യമാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ആവശ്യമുള്ള സന്ദർഭങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

(സി) നാമമാത്രമായ സഹായങ്ങൾ ലഭിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ നിലവിലില്ല. എന്നാൽ ദ്വിതീയ തലത്തിലുള്ള ആശുപത്രികളുടെ വികസനത്തിനായി 432.62 കോടി രൂപയുടെ ഒരു പ്രോജക്ട് നിർദ്ദേശം കേന്ദ്രഗവൺമെന്റിന്റെ പരിഗണനക്കയച്ചിട്ടുണ്ട്.

10 (*290) മനുഷ്യാവകാശ കമ്മിഷൻ

ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യാവകാശ കമ്മിഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം ഈ കമ്മീഷൻ മുമ്പാകെ എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചു;

(സി) കമ്മിഷനു ലഭിക്കുന്ന പരാതികളിന്മേൽ യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

LIBRARY ARCHIVES Kerala Legislative Assembly